# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7908

16.07.2014 ൽ മറുപടിയ്ക്ക്

## സംയോജിത ഗ്രാമവികസന പദ്ധതിയുടെ രണ്ടാം ഘട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി എന്തെല്ലാം ധനസഹായമാണ് എൻ.സി.ഡി.സി. യിൽ നിന്നും ലഭിക്കുന്നത്; വിശദമാക്കുമോ; | (എ) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുമുളള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുളള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുന്നതിനും കൂടാതെ വിനോദ സഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉല്പാദനവും വിതരണവും, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി. യിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്. |

| | | |
|---|---|---|
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) കേരളത്തിൽ വയനാട് ജില്ലയിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടം പദ്ധതിക്ക് വേണ്ടി 9.6 കോടി രൂപ വയനാട് ജില്ലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് ജീവനക്കാരെ തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇതിനായി 61.24 കോടി രൂപയുടെ പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് 3.2 കോടി രൂപ പ്രാഥമികമായി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് 62.08 കോടി രൂപയുടെ പ്രോജക്ട് എൻ.സി.ഡി.സി. യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.സി.എം. കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ